**Sahyanadham**
Annual Subscription Rs. 200.00
Published on 1st Aug. 2017

Register No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



Newly Consecrated Church Pallikunnu

Printed at St. Martha's Offset Printers, Murickassery 685 604 Editor,
Printer & Publisher. Rev. Fr. James P. Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 14
ആഗസ്റ്റ് 2017
ലക്കം 08



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

**Volume : 14**
**Issue No. : 8**
**Month : August 2017**





*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


അഞ്ജനം നേത്രദാന പദ്ധതി 05
തടവറ പ്രേഷിത ദിനം 08
ജസ്റ്റീസ് സൺഡേ (നീതി ഞായർ) 13
രൂപതക്കച്ചേരി 16
ക്രിസ്തുജ്യോതി 17
വിദ്യാഭ്യാസം 18
സാമൂഹ്യസേവനം 18
തിരുബാലസഖ്യം 22
ചെറുപുഷ്പ മിഷൻലീഗ് 23
കെ.സി.എസ്.എൽ. 25
ജീസസ് യൂത്ത് 27
കെ.സി.വൈ.എം. 28
മദ്യവിരുദ്ധസമിതി 30
കുടുംബപ്രേഷിതത്വം 31
നവോമി കുടുംബകേന്ദ്രം 32
മാതൃവേദി 32
പ്രാർത്ഥനാഗ്രൂപ്പ് 34
കേരള ലേബർ മൂവ്മെന്റ് 35
ആത്മജ്യോതിയിലെ പരിപാടികൾ 36
രൂപതാദ്ധ്യക്ഷന്റെ ഡയറി 37
രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ 37


***"Let us be led by the Virgin Mary on the path that leads to the holy mountain that is Christ, where God and man meet."***
*Pope Francis, Tweet 16-07-2017*

## ഓർമ്മിക്കാൻ

### ആഗസ്റ്റ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | പതിനഞ്ചു നോമ്പാരംഭം, വി. അൽഫോൻസ് ലിഗോരി |
| 02-06 | : | ലഹരി വിമോചന ക്യാമ്പ്, ആത്മജ്യോതി, അടിമാലി |
| 04 | : | മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി |
| 05 | : | വി. ജോൺ മരിയ വിയാനി |
| | : | സി.എം.എൽ. രൂപതാ സാഹിത്യമത്സരം |
| 06 | : | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 06-11 | : | എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 08 | : | വി. ഡോമിനിക് |
| 11 | : | വി. ക്ലാര |
| 12-13 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| | : | സൺഡേ സ്കൂൾ ടീച്ചേഴ്സ് ക്യാമ്പ്, ആത്മജ്യോതി, അടിമാലി |
| 12-15 | : | അഖില ലോക മലയാളി കരിസ്മാറ്റിക് സംഗമം, ആളൂർ, ഇരിങ്ങാലക്കുട |
| 14 | : | വി. മാക്സിമില്യൻ കോൾബേ |
| 14-16 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 15 | : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം |
| | : | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 18-20 | : | നവോമി-ഏലീശ്വാ ധ്യാനങ്ങൾ, ആത്മജ്യോതി, അടിമാലി |
| 20-25 | : | വരദാന വളർച്ചാ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 21 | : | വി. പത്താം പീയൂസ് മാർപാപ്പ |
| 24 | : | വി. ബർത്തലോമിയോ ശ്ലീഹാ |
| 25 | : | വി. ശ്മോനിയും ഏഴുമക്കളും |
| 26-28 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 28 | : | വി. അഗസ്റ്റിൻ |
| | : | കെ.സി.വൈ.എം. വടംവലി മത്സരം, ഇരട്ടയാർ |
| 29 | : | വി. എവുപ്രാസ്യ |

C. 18. **സർക്കുലർ**

# അഞ്ജനം നേത്രദാന പദ്ധതി

മിശിഹായിൽ പ്രിയ വൈദികരെ, സന്യസ്തരെ, സഹോദരീസഹോദരന്മാരെ,

സ്നേഹിക്കുക, കരുണ കാണിക്കുക, പങ്കുവയ്ക്കുക എന്നിവ ക്രൈസ്തവജീവിതത്തിന്റെ മുഖമുദ്രകളാണ്. ഇക്കാര്യങ്ങളിൽ വളരെ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ നമ്മുടെ രൂപതയിൽ നടക്കുന്നുണ്ട് എന്ന കാര്യത്തിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. നമുക്ക് ഒരുമിച്ച്നന്മ ചെയ്യുവാൻ കഴിയുന്ന മറ്റൊരു മേഖല ഞാൻ നിങ്ങളെ പരിചയപ്പെടുത്തുകയാണ്. നമ്മുടെ ഇടയിൽനിന്നും മരിച്ചുപോകുന്ന എല്ലാവരുടെയും കണ്ണുകൾ നമുക്ക് ദാനം ചെയ്യാൻ കഴിയും. ഒരാളുടെ കണ്ണുകൾ രണ്ടു പേർക്ക് കാഴ്ച്ചശക്തി നൽകും. നേത്രപടലത്തിന്റെ പ്രശ്നം മൂലം അന്ധത അനുഭവിക്കുന്നവരെയാണ് നമുക്ക് ഇപ്രകാരം സഹായിക്കുവാൻ കഴിയുന്നത്.

ഭാരതത്തിൽ ഏകദേശം 150 ലക്ഷം അന്ധർ ഉണ്ട്. ഇതിൽ 40 ലക്ഷം പേരും നേത്രപടല (cornia) ത്തിന്റെ പ്രശ്നംമൂലം അന്ധത അനുഭവിക്കുന്നവരാണ്. എന്നാൽ നേത്രദാനം വളരെ കുറവായതിനാൽ 25000 പേർക്ക് മാത്രമെ ഓരോ വർഷവും നേത്രദാനംവഴി കാഴ്ച്ച ലഭിക്കുന്നുള്ളൂ. 2 വയസ്സുമുതൽ 75 വയസ്സുവരെയുള്ള ആരുടെയും കണ്ണുകൾ ദാനം ചെയ്യുവാൻ കഴിയും. കണ്ണിലെ ക്യാൻസർ, ഹെപ്പ്റ്റൈറ്റിസ്, എയ്ഡ്സ്, പേവിഷബാധ, ഡെങ്കിപ്പനി, എലിപ്പനി എന്നീ രോഗങ്ങൾമൂലം മരിച്ചവരുടെ നേത്രപടലങ്ങൾ മാത്രമാണ് ഉപയോഗിക്കുവാൻ കഴിയാത്തത്.

ഒരാൾ മരിച്ച് 6 മണിക്കൂറിനുള്ളിൽ നേത്രപടലം എടുത്ത് സംരക്ഷിച്ചാൽ രണ്ടുപേർക്ക് അതുവഴി കാഴ്ച്ച ലഭിക്കും. നേത്രപടലം



എടുക്കുമ്പോൾ മുഖം വികൃതമാക്കുകയോ, രക്തമൊ മറ്റ് ശ്രവങ്ങളൊ വരികയോ ഇല്ല. 20 മിനിറ്റിനുള്ളിൽ നേത്രപടലം നീക്കം ചെയ്യുന്നതിന് കഴിയും.

ലക്ഷകണക്കിന് ആളുകൾ നേത്രദാന സമ്മതപത്രം എഴുതി കൊടുത്തിട്ടുണ്ടാകാം. എന്നാൽ ഒരാൾ മരിക്കുമ്പോൾ അയാളുടെ ബന്ധുക്കളാണ് നേത്രപടലം എടുക്കേണ്ടതിന് അനുമതി നല്കേണ്ടത്. യാതൊരു ഭയവും കൂടാതെ അത് നൽകുന്നതിന് എല്ലാവർക്കും കഴിയണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ രൂപതയിലെ സാമൂഹ്യക്ഷേമവിഭാഗമായ ഹൈറേഞ്ച് ഡവലെപ്മെന്റ് സൊസൈറ്റിയും മുരിക്കാശ്ശേരി അൽഫോൻസ ആശുപത്രിയും സംയുക്തമായി, അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയുടെ സഹകരണത്തോടെ നേത്രദാനം പ്രോത്സാഹിപ്പിക്കുവാൻ 'അഞ്ജനം നേത്രദാന പദ്ധതി' എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചു. നേത്രപടലം എടുക്കുന്നതിന് വിദഗ്ദപരിശീലനം ലഭിച്ച ഒരു ടെക്നീഷ്യന്റെ സേവനം അൽഫോൻസ ആശുപതിയിൽ ലഭ്യമാക്കിയിട്ടുണ്ട്. 24 മണിക്കൂറും ഇയാളുടെ സേവനം ലഭ്യമാണ്. ഒരാൾ മരിച്ച ഉടനെ ഫോൺ മുഖേന അറിയിച്ചാൽ സ്ഥലത്തെത്തി കാര്യങ്ങൾ ചെയ്തുകൊള്ളും. എടുക്കുന്ന നേത്രപടലങ്ങൾ അങ്കമാലി ആശുപത്രിയിൽ എത്തിച്ച് 4 ദിവസങ്ങൾക്കുള്ളിൽ അന്ധരായ രണ്ടുപേർക്ക് നലകുന്നതാണ്. വീട്ടുകാർക്കൊ ബന്ധുക്കൾക്കൊ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നതല്ല. നമ്മുടെ രൂപതയിലെ സംഘടനകൾ, സ്ഥാപനങ്ങൾ, സന്യാസ സമൂഹങ്ങൾ എന്നിവയെല്ലാം ഈ നല്ല സംരംഭത്തിൽ പങ്കാളികളാകണം. നേത്രദാനം മഹാദാനം എന്ന സന്ദേശം എല്ലാവരിലും എത്തിച്ച് നേത്രദാനം പ്രോത്സാഹിപ്പിക്കുന്നതിന് വൈദികർ നേതൃത്വം നല്കണം. ഈ പുണ്യകർമ്മത്തിന്റെ ഭാഗമായി തീരുവാൻ

എല്ലാവരേയും ആഹ്വാനം ചെയ്യുകയും ഇതുവഴി അനേകർക്ക് മാതൃകയായി തീരുവാൻ കഴിയട്ടെയെന്ന് ആശംസിക്കുയും ചെയ്യുന്നു.

എന്ന്,

+ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ

(നേത്രദാനത്തിനായി ടെക്നീഷ്യനെ വിളിക്കുന്നതിന് ഫോൺ നമ്പർ- എബിസൺ-9544439996, അൽഫോൻസ ആശുപത്രി- 04868-263245)

(ഈ സർക്കുലർ ഒരു ഞായറാഴ്ച പള്ളിയിൽ വായിക്കുകയൊ, ഇതിന്റെ ഉള്ളടക്കം വിശദീകരിക്കുകയൊ ചെയ്യണം)





C. 19. **സർക്കുലർ**

# തടവറ പ്രേഷിത ദിനം

## 2017 ആഗസ്റ്റ് 13 ഞായർ

**കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്കു സമാശ്വാസവും നൽകാനും എന്നെ അയച്ചിരിക്കുന്നു' (ഏശ. 61:1-2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്കാ 4:18). തടവറയിൽ കഴിയുന്ന മക്കളോട് താദാത്മ്യപ്പെടുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടുത്തെ കാത്തിരുന്നത്. അവിടുന്ന് കാരാഗ്രഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. 'കുറ്റവാളി'യായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. അവൻ തടവുകാരുടെ അടുക്കലേക്ക് ചെന്നു അനേകം ആത്മാക്കളെ മോചിപ്പിച്ചുവെന്ന് പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു. തടവറ ശുശ്രൂഷ യേശുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയാണ്.

2017 ആഗസ്റ്റ് മാസം 13-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കാസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനു പകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വ മകുടം ചൂടിയ വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യപിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന'ദൈവത്തിന്റെ സ്വന്തം നാട്' കുറ്റകൃത്യങ്ങളുടെ നാടായി മാറികൊണ്ടിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തിലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽ നിന്നു വ്യക്തമാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാനുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.8 ഉം, 2017-ൽ 723.3 ഉം ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരിയുടെ അഞ്ച് മടങ്ങ് കൂടുതലാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 348.3 മാത്രമാണെന്ന് ഓർക്കണം. സൈബർ കുറ്റകൃത്യങ്ങളിൽ 350 ആനുപാതിക വർദ്ധനയുണ്ടായപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ



ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഓരോ വർഷവും രേഖപ്പെടുത്തുന്നത്. ഒരുപക്ഷേ മറ്റു സംസ്ഥാനങ്ങളിൽ കുറ്റകൃത്യങ്ങൾ എത്രമാത്രം രജിസ്റ്റർ ചെയ്യുന്നുവെന്നത് ഒരു കാരണം ആയേക്കാം. എങ്കിലും നമ്മുടെ സ്ഥിതി ഏറെ പരിതാപകരം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്കണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യപ്പെടുന്നുണ്ടല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാല പ്രവർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ മഹത്ത്വമുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). പാപം പോലും മനുഷ്യന്റെ ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥയില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവിടുന്നു നീതിമാന്മാരുടെ മേലും നീതിരഹിതരുടെ മേലും ഒന്നുപോലെ മഴ പെയ്യിക്കുന്നവനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിർവചിക്കപ്പെടേണ്ടത് അവരുടെ കുറ്റകൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വത്താലാണ്. മറ്റു മനുഷ്യരോടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെടണം. പാപത്തെ വെറുക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊണ്ടാണ്.

യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേക്കാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും

അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ച്പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും, ക്രൂരകൃത്യങ്ങൾക്ക് ഇരയായവർക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊണ്ട് ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി പ്രവർത്തിക്കുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യകൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ചയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31- രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ എട്ട് സോണുകളിലെ 46- ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും



സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പിഒസിയിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, പി.ഒ.സി., കൊച്ചി-682025

NB: 2017 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

C. 20. സർക്കുലർ

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2017 ആഗസ്റ്റ് 20, ഞായർ

### കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഓഗസ്റ്റ് 15-ാം തീയതിക്ക് ശേഷമുള്ള ഞായറാഴ്ച നാം ജസ്റ്റീസ് സൺഡേ ആയി ആചരിച്ചു വരുകയാണല്ലോ. 1986-ൽ ഗോവയിൽ വച്ച് നടന്ന സി.ബി.സി.ഐ. യോഗമാണ് ഈ തീരുമാനം എടുത്തത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ സന്തോഷം നാം പങ്കു വയ്ക്കുമ്പോഴും ഭാരതത്തിലെ ദലിത് സമൂഹം പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച വലിയ ഒരു സമൂഹത്തിന് സാമൂഹികനീതി ലഭിക്കാത്ത സാഹചര്യം നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഭാരതത്തിലെ രണ്ടുകോടിയോളം വരുന്ന ക്രൈസ്തവരിൽ 125 ലക്ഷം പേരും ദലിത് സഹോദരങ്ങളാണ്. ഇതര മതസ്ഥരായ ദലിത് സഹോദരങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നുവെന്നത് മതവിവേചനം തന്നെയാണ്. ഈ നീതിനിഷേധത്തിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ട് അധികമായി ഭാരതസഭ നിരന്തരം ശബ്ദമുയർത്തിയിരുന്നുവെങ്കിലും നീതി നടപ്പാക്കിയിട്ടില്ല. ചുമതലപ്പെട്ടവർ ഇതു ബോധപൂർവം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും ഭാരത ക്രൈസ്തവ സമൂഹം തുടർന്നും ഈ നീതിനിഷേധത്തിനെതിരെ വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പോരാട്ടം തുടരും. കോടതികളിലൂടെ നിയമവഴിയ്ക്ക് നീതി ലഭിക്കാനുള്ള മാർഗ്ഗങ്ങളും നാം തുടർന്ന് മുന്നോട്ടു കൊണ്ടുപോകും. ഈ നീതിനിഷേധം സമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നാം



കൂട്ടായി നടത്തണം. ഈ ലക്ഷ്യങ്ങളുമായിട്ടാണ് ജസ്റ്റീസ് സൺഡേ (നീതിഞായർ) നാം ആചരിക്കുന്നത്.

ഇത്തവണത്തെ നീതിഞായർ ആചരണത്തിന് ഒരു പ്രത്യേക പശ്ചാത്തലം കൂടിയുണ്ട്. ഭാരതകത്തോലിക്കാ മെത്രാൻസമിതി ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ സമുദ്ധാരണത്തിനായി ഒരു ദലിത് ശാക്തീകരണ നയം പ്രഖ്യാപിക്കുകയുണ്ടായി. ഭാരതസഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇപ്രകാരം ഒരു ദലിത് നയരൂപീകരണം സഭാതലത്തിൽ ഉണ്ടായത്. ഭാരതസഭയുടെ മുഴുവൻ പിന്തുണയും സഹകരണവും ദലിത് സഹോദരങ്ങളോടൊപ്പമുണ്ടെന്ന് ഇതുവഴി സഭാനേതൃത്വം പ്രഖ്യാപിച്ചിരിക്കുകയാണ്.

സഭയുടെ എല്ലാ തലങ്ങളിലും ദലിത് ശാക്തീകരണസംവിധാനങ്ങൾ ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി യത്നിക്കുക വളരെ അത്യാവശ്യമാണ്. സാമൂഹ്യമായും സാമ്പത്തികമായും കടുത്ത വെല്ലുവിളികൾ നേരിടുന്ന നമ്മുടെ ദലിത് സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക ഇതിൽ ഏറ്റവും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാ മെത്രാൻ സമിതി ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ ദലിത് കുടുംബങ്ങളിൽ ആരും വീടില്ലാത്തവരായി ഉണ്ടായിരിക്കരുത് എന്ന ലക്ഷ്യത്തിൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനത്തിനായുള്ള കൂട്ടായ പ്രയത്നത്തിൽ നമുക്കു കൈകോർക്കണം. എല്ലാ രൂപതകളും, ഇടവകകളും, സന്യാസ സഭകളും, സംഘടനകളും, സംരംഭങ്ങളും കൂട്ടായി പരിശ്രമിച്ചാൽ ഈ ലക്ഷ്യം സാധിക്കുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് കെ.സി.ബി.സി. എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷന് സി.എം.ഐ. സന്യാസ സമൂഹം, വിൻസന്റ് ഡി പോൾ സൊസൈറ്റി, ഫ്രാൻസിസ്കൻ അല്മായ സമൂഹവും ഉദാരമായ സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നത് സന്തോഷത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. കേരളത്തിൽ ദലിത് കത്തോലിക്കർക്കായി 300 ഭവനങ്ങൾ 2017 – 18 കാലഘട്ടത്തിൽ നിർമ്മിക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. അഭിവന്ദ്യ പിതാക്കന്മാരും ഈ പദ്ധതികൾക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉറപ്പാക്കി തരുന്നതും

പ്രത്യേകം സ്മരിക്കട്ടെ. ഇതിനോടൊപ്പം സമർത്ഥരായ ദലിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും നാം പരിശ്ര മിച്ചുകൊണ്ടിരിക്കുന്നു. ദലിത് ശാക്തീകരണ സംരംഭങ്ങൾക്കായി വലിയ സാമ്പത്തിക ഉത്തരവാദിത്വങ്ങളാണ് നാം ഏറ്റെടുത്തിരി ക്കുന്നത്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി സാധാരണപോലെ ദലിത് ആവശ്യങ്ങൾക്കായി ഒരു സംഭാവന ശേഖരണം നടത്തുകയാണ്. സഭയിലെ ഓരോ അംഗവും ഉദാരമായി ഈ സംഭാവന സമാഹരണത്തിൽ സഹായിച്ച് ഔദാര്യപൂർവ്വം നമ്മുടെ ദലിത് സഹോദരങ്ങളോട് നമുക്കുള്ള സ്നേഹവും സഹകരണവും പ്രതിബന്ധതയും ഉറപ്പാക്കാം. നീതിഞായർ ആചരണംവഴി നമ്മുടെ കർത്താവായ ഈശോമിശിഹാ യുടെ പ്രബോധനങ്ങളായ നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക, ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നീ വചനങ്ങൾ നമുക്ക് പ്രചോദനം ആകട്ടെ. ദലിത് ശാക്തികരണ സംരംഭങ്ങളുടെ വിജയ ത്തിനായി ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**

ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2017 ആഗസ്റ്റ് 20-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



# രൂപതക്കച്ചേരി

## C. 45/17 Monthly Recollection for Priests

2010 ലായിരുന്നല്ലോ ഇടുക്കി രൂപതാ നിയമാവലി ആദ്യമായി പ്രസാധനം ചെയ്തത്. ഇപ്പോൾ അത് പരിഷ്കരിക്കുവാനുള്ള സമയമായിരിക്കുകയാണ്. അതുകൊണ്ട് തുടർന്നുള്ള മാസധ്യാന അവസരങ്ങളിൽ എല്ലാ ഫൊറോനകളിലും രൂപതാ നിയമാവലി വായിച്ച് ചർച്ച ചെയ്യണം. നിർദ്ദിഷ്ട ഭാഗങ്ങൾ ചർച്ച ചെയ്ത് നിർദ്ദേ ശങ്ങൾ വല്ലതുമുണ്ടെങ്കിൽ അതുംകൂടി കൂട്ടിച്ചേർത്ത് മാസധ്യാന റിപ്പോർട്ടിനോടൊപ്പം അയച്ചു തരേണ്ടതാണ്. നിയമാവലി പരിഷ്കരിക്കുമ്പോൾ ആ നിർദ്ദേശങ്ങളും കണത്തിലെടുക്കുന്ന തായിരിക്കും. മേല്പറഞ്ഞതുകൂടാതെ നിയമാവലി പരിഷ്കരണ ത്തിൽ അടിയന്തിര ശ്രദ്ധ പതിക്കേണ്ടതെന്തെങ്കിലുമുണ്ടങ്കിൽ അതും ബഹു. അച്ചന്മാർക്ക് നേരിട്ട് അയച്ചുതരാവുന്നതാണ്.

ഈ മാസം മാസധ്യാനാവസരത്തിൽ ചർച്ച ചെയ്യേണ്ട ഭാഗം ഇടുക്കി രൂപതാ നിയമാവലി 110-127 നമ്പരുകൾ.

*Proto-syncellus*

## C. 46/17 Presbyteral Council

An ordinary meeting of the Presbyteral Council of the Eparchy of Idukki will be held on 22nd August (Tuesday) 2017 at the Bishop's House, Karimpan.

Time: 10.30 am - 2.00 pm.

*Secretary*

## C. 47/17 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. ഡൊമിനിക് കോയിക്കൽ | ആഗസ്റ്റ് 8 |
| റവ. ഫാ. ഡൊമിനിക് കാരിവേലിൽ | " |

*Bishop*

# ക്രിസ്തുജ്യോതി

**CJ. 52/17 നവാഗതരായ അദ്ധ്യാപകർക്ക് പരിശീലനം**

നവാഗതരായ അദ്ധ്യാപകർക്കുള്ള ബേസിക്ക് ട്രെയിനിംഗ് കോഴ്സ് ഓഗസ്റ്റ് 11-ാം തീയതി വെള്ളിയാഴ്ച 6.00 pm മുതൽ 13-ാം തീയതി 3.30 pm വരെ അടിമാലി ആത്മജ്യോതിയിൽവെച്ച് നടത്തപ്പെടുന്നു. ജൂലൈ 7-ാം തിയതി നടത്താൻ നിശ്ചയിച്ചിരുന്ന ഈ കോഴ്സ് ചില അസൗകര്യങ്ങൾ മൂലം ആഗസ്റ്റ് മാസം 11 ലേക്ക് മാറ്റിവെച്ചതാണ്. ബേസിക്ക് ട്രെയിനിംഗ് കോഴ്സിൽ പങ്കെടുത്തിട്ടില്ലാത്ത എല്ലാ നവാഗതരായ മതാദ്ധ്യാപകരും ഈ കോഴ്സിൽ പങ്കെടുക്കേണ്ടതാണ്. രജി. ഫീസ് Rs. 500 രൂപയാണ്. പങ്കെടുക്കുന്ന മതാദ്ധ്യാപകരുടെ എണ്ണം ക്രിസ്തുജ്യോതി ഓഫീസിൽ മുൻകൂട്ടി അറിയിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**CJ. 53/17 പ്രാർത്ഥനാ ദിനവും സ്റ്റഡിഫോറവും**

ആഗസ്റ്റ് 20-ാം തീയതി മതാദ്ധ്യാപകരുടെ പ്രാർത്ഥനാ ദിനവും സ്റ്റഡിഫോറവും നടത്തേണ്ടതാണ്. ആരാധനക്രമ വിശ്വാസ പരിശീലനം എന്ന ഗ്രന്ഥത്തിലെ 9-ാം അദ്ധ്യായമാണ് പഠനവിഷയം.

**CJ. 54/17 സ്റ്റാഫ് സ്റ്റേറ്റ്മെന്റ്**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ഇതുവരെ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിച്ചിട്ടില്ലാത്ത സൺഡേ സ്കൂളുകൾ എത്രയും വേഗം സ്റ്റാഫ് സ്റ്റേറ്റ്മെന്റ് ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**CJ. 55/17 ടീൻസ് മീറ്റ്**

2017 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ തൂക്കുപാലം വിജയമാതാ പബ്ലിക്ക് സ്കൂളിൽ ക്രിസ്തുജ്യോതിയും CML-ഉം ചേർന്ന് XII -ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി ക്രമീകരിച്ചിരിക്കുന്ന 'ടീൻസ് മീറ്റി'ൽ കുട്ടികളെ പ്രോത്സാഹിപ്പിച്ച് അയയ്ക്കുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.



രജിസ്റ്റർ ചെയ്ത കുട്ടികൾ ഇതേസമയം തന്നെ നടക്കുന്ന SMCC പ്രതിഭാസംഗമത്തിൽ തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ടീൻസ് മീറ്റിന്റെ രജിട്രേഷൻ ഫീസ് തിരികെ നല്കുന്നതായിരിക്കും.

# CORPORATE EDUCATIONAL AGENCY

**Edn. 29/17 ദിവസവേതനത്തിൽ നിയമനം**

നമ്മുടെ വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ U.P., H.S. വിഭാഗങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാൻ ഇംഗ്ലീഷ്, നാച്ചറൽ സയൻസ്, മാത്സ്, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിൽ ഡിഗ്രിയും B.Ed ഉം പാസായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. 31-08-2017 ന് മുൻപായി ബഹുമാനപ്പെട്ട വികാരിയച്ചന്റെ കത്തും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം ബയോഡേറ്റ സമർപ്പിക്കേണ്ടതാണ്. K-TET അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായവർക്ക് മുൻഗണന ഉണ്ടായിരിക്കും.

# സോഷ്യൽ സർവ്വീസ്

**SS 78/17 വാട്ടർ ടാങ്ക് ഉദ്ഘാടനം**

മറയൂർ ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ട്രൈബൽ ഡെവലെപ്മെന്റ് പദ്ധതിയുടെ ഭാഗമായി സൊസൈറ്റി കുടിവെള്ളത്തിനും, ജലസേചനത്തിനുമായി നിർമ്മിച്ച 16 വാട്ടർ ടാങ്കുകളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോമോൻ തോമസ് നിർവ്വഹിച്ചു. നബാർഡിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. ഭാസ്കരൻ പദ്ധതിയുടെ വിശദീകരണവുംഎച്ച്.ഡി.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ മുഖ്യപ്രഭാഷണവും

നടത്തി. 160 ആദിവാസി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. പദ്ധതിയുടെ കോഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ, ഫീൽഡ് കോഡിനേറ്റർ കുമാരി മായാദേവി, ശ്രീ. എബിൻ കുറുന്താനത്ത് എന്നിവർ നേതൃത്വം നൽകി.

**SS 79/17 ഹരിത സമൃദ്ധി പദ്ധതി വിലയിരുത്തൽ**

മറയൂർ ഗ്രാമപഞ്ചായത്തിൽ നടക്കുന്ന ആദിവാസി ക്ഷേമ പദ്ധതിയുടെ വിലയിരുത്തൽ ജൂൺ 18, 19 തീയതികളിൽ നടന്നു. കുമ്മാളംകുടി, പെരിയകുടി തുടങ്ങിയ കുടികളിൽ പദ്ധതി ഉപഭോക്താക്കളുമായി ചർച്ച നടത്തുകയും പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തുകയും ചെയ്തു. നബാർഡിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. ഭാസ്കരൻ എച്ച്.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, പദ്ധതിയുടെ കോഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ, ഫീൽഡ് കോഡിനേറ്റർ കുമാരി മായാദേവി, ശ്രീ. എബിൻ കുറുന്താനത്ത് എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**SS 80/17 ഹരിതഗ്രാമം പദ്ധതി വിലയിരുത്തൽ**

നബാർഡിന്റെ സഹായത്തോടെ മഞ്ഞപ്പാറയിൽ സൊസൈറ്റി നടപ്പിലാക്കുന്ന ഹരിതഗ്രാമം പദ്ധതിയുടെ പ്രവർത്തന വിലയിരുത്തൽ ശ്രീ. അശോക് കുമാർ നായർ (ജില്ലാ വികസന മാനേജർ, നബാർഡ്) ന്റെ നേതൃത്വത്തിൽ 2017 ജൂൺ 4-ാം തീയതിനടന്നു. ഹരിതഗ്രാമം പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച്ച നടത്തുകയും ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ പ്രോജക്ട് ഓഫീസർ ശ്രീ. സിബി മാളിയേക്കൽ പ്രോഗ്രാം കോർഡിനേറ്റർ എബിൻ കുറുംന്താനത്ത് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**SS 81/17 വികാസ് പീഡിയ വിജ്ഞാന ദാതാക്കളുടെ പരിശീലനം**

കേന്ദ്ര വിവര സാങ്കേതികവിദ്യാ മന്ത്രാലയത്തിന്റെ കീഴിൽ വികസിപ്പിച്ച വിവിധ ഭാഷാവിജ്ഞാന ദായകസംരംഭമായ വികാസ് പീഡിയ പോർട്ടലിനെ സംബന്ധിച്ചുള്ള ബോധവല്ക്കരണ ക്ലാസ്സും ഇതിലേക്കുള്ള വിജ്ഞാനദാതാക്കളുടെ ഇടുക്കി ജില്ലാതല പരിശീലനവും മരിയാപുരം ഹൈറേഞ്ച് ഡവലെപ്മെന്റ് സൊസൈറ്റി ഹാളിൽ നടന്നു. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യപുരോഗതി, ഊർജ്ജം, ഇ-ഭരണം തുടങ്ങി 6 തലങ്ങളിലായി വിവരങ്ങൾ അറിയുന്നതിനും പുതിയ വിവരങ്ങൾ നല്കുന്നതിനുമുള്ള സൗകര്യം വികാസ് പീഡിയ ഒരുക്കുന്നു. ഇതിന്റെ മലയാളം പോർട്ടൽ ഇതുവരെ ഒന്നരക്കോടി ജനങ്ങൾ സന്ദർശിച്ചു കഴിഞ്ഞു. www.vikaspedia.in എന്ന സൈറ്റ് വഴി കൂടുതൽ വിവരങ്ങൾ ലഭ്യമാകും. പരിശീലന പരിപാടിഇടുക്കി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജലജ ഷാജി ഉദ്ഘാടനം ചെയ്തു. വികാസ് പീഡിയ സംസ്ഥാന കോഡിനേറ്റർ സി.വി. ഷിബു ക്ലാസ് നയിച്ചു.ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ നേതൃത്വത്തിൽ 38 അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

**SS 82/17 നെൽകൃഷി**

അന്യം നിന്നുപോകുന്ന നെൽകൃഷിക്ക് പുതുജീവനേകാൻ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സൊസൈറ്റിയുടെ സ്ഥലത്ത് നെൽകൃഷി ഇറക്കി. മരിയാപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഡോളി ജോസ് ഉദ്ഘാടനം ചെയ്ത വിത്ത് വിതയ്ക്കൽ പരിപാടിയിൽ മരിയാപുരം കൃഷി അസിസ്റ്റന്റ് ഓഫീസർ ശ്രീമതി ഷാലിമോൾ, മരിയാപുരം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ്, കുട്ടികൾ, എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, സ്റ്റാഫ് അംഗങ്ങൾ മുതലായവർ പങ്കെടുത്തു.

**SS 83/17 ദുരതാശ്വാസ നിധി**

സൊസൈറ്റിയിൽ നിന്നും ജൂൺമാസം 9 രോഗികൾക്കായി 19500 രൂപ ചികിത്സാ സഹായമായി നൽകി.

**SS 84/17 നബാർഡിന്റെ ബാങ്ക് ലിങ്കേജ് അവാർഡ്**

ഹൈറേഞ്ച് ഡവലെപ്മെന്റ് സൊസൈറ്റിക്ക് നബാർഡിന്റെ

2016-2017 ലെ എസ് എച്ച് ജി ബാങ്ക് ലിങ്കേജ് അവാർഡ് ലഭിച്ചു. സ്വാശ്രയ സംഘങ്ങളെ ബാങ്കുകളുമായി ബന്ധിപ്പിച്ച് വായ്പ എടുക്കുന്നതിനും അത് വീഴ്ച്ചകൂടാതെ കൃത്യമായി തിരിച്ചടക്കുന്ന തിനും വായ്പതുക അതാത് ലക്ഷ്യങ്ങൾവേണ്ടി കൃത്യമായി പ്രയോജനപ്പെടുത്തുന്നതിനും അതുവഴി സാമൂഹികപുരോഗതിയ്ക്ക് സംഭാവന നല്കുന്നതിനുമാണ് ഈ അവാർഡ്. സന്നദ്ധസംഘടനക ളുടെ വിഭാഗത്തിൽ ഇത് രണ്ടാം തവണയാണ് സൊസൈറ്റി അവാർ ഡിന് അർഹമാകുന്നത്.

2003 ൽ ആരംഭിച്ച സൊസൈറ്റിയുടെ കീഴിലുള്ള 500 ൽപരം സ്വാശ്രയസംഘങ്ങൾ 23 കോടി രൂപ 2016-17 ൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്ത് പ്രകൃതിവിഭവപരിപോ ഷണം, സുസ്ഥിര കൃഷിവികസനം, വരുമാനവർദ്ധനവ് തുടങ്ങിയ കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്തിയിരുന്നു. വായ്പ തിരിച്ചട വിന് പ്രത്യേക സംവിധാനം സൊസൈറ്റി ഒരുക്കിയിട്ടുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ല. എടുക്കുന്ന വായ്പകൾ കൃത്യമായി അതാതുകാര്യങ്ങൾക്ക് പ്രയോജനപ്പെടുത്തു ന്നതിന് മോനിട്ടറിംഗ് സംവിധാനവുമുണ്ട്. നബാർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നടന്ന ചടങ്ങിൽ വച്ച് നബാർഡ് സി.ജി.എം. ആർ. സുന്ദറിന്റെ സാന്നിദ്ധ്യത്തിൽ എക്സി ക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ മുൻ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദിൽനിന്ന് അവാർഡ് ഏറ്റുവാങ്ങി.

**SS 85/17 കിണർ റീചാർജ്ജിംഗ് പരിശീലനം**

കിണർ, കുഴൽകിണർ ഇവ റീചാർജ്ജ് ചെയ്ത് ജല സമൃദ്ധമാക്കുന്നതിനുള്ള പരിശീലനം സൊസൈറ്റി ഓഫീസിൽ നടന്നു. അഗ്രീമാർട്ട് ടെക്നീഷൻ സി.എം. മൈക്കിൾ നേതൃത്വം നൽകി. 38 പേർ പങ്കെടുത്തു.

**SS 86/17 ജലസംരക്ഷണ യജ്ഞം : അവലോകനയോഗം**

നബാർഡിന്റെ സഹായത്തോടെ സംഘടിപ്പിച്ച ജലസംര ക്ഷണ യജ്ഞത്തിന്റെ അവലോകന യോഗം 08-07-2017 ൽ



സൊസൈറ്റിയുടെ ഓഫീസിൽ വച്ച് നടത്തി. 26 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 414 ഗ്രാമങ്ങളിൽ നടത്തിയ പരിപാടിയുടെ അവലോകന യോഗം നബാർഡിന്റെ ജില്ലാ വികസന മാനേജർ ശ്രീ. അശോക് കുമാർ നായർ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ സന്നിഹിതനാ യിരുന്ന യോഗത്തിന് ശ്രീ. സിബി മാളിയേക്കൽ, കുമാരി. അമൃത അനിൽ എന്നിവർ നേതൃത്വം നൽകി. 48 ജലധൂതുമാർ പങ്കെടുത്തു.

# തിരുബാലസഖ്യം

**HC 9/17 അറിയിപ്പ്**

തിരുബാല സഖ്യത്തിന്റെ ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ കിട്ടാത്തവർ കരിമ്പൻ രൂപതാ ഓഫീസിൽനിന്നോ ബഹു. ഡയറക്ടർ അച്ചന്റെ അടുക്കൽനിന്നോ വാങ്ങി പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശ്രദ്ധിക്കുമല്ലോ.

**HC 10/17 ഫാത്തിമാ വർഷം**

ഫാത്തിമാ വർഷത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുഞ്ഞു ങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ ശാഖാ ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**HC 11/17 ശാഖാ മത്സരങ്ങൾ**

ശാഖാ മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തി മേഖലാ മത്സരത്തിനുള്ള ലിസ്റ്റ് തയ്യാറാക്കി മേഖലാ ഡയറക്ടറുടെ പക്കൽ മുൻകൂട്ടി എത്തിക്കുക.

**HC12/17 ശാഖാ സെമിനാർ**

ശാഖാ സെമിനാറും (വി. കുർബാനയാകുന്ന അത്ഭുതം), ഇടവക വികാരിയച്ചനുമൊത്ത് ഒരു അഭിമുഖവും നടത്തുക.

# ചെറുപുഷ്പ മിഷൻലീഗ്

## CML 34/17 രൂപതാ സാഹിത്യ മത്സരം

സി.എം.എൽ. ഇടുക്കി രൂപതാ സാഹിത്യ മത്സരം ഓഗസ്റ്റ് 5-ാം തീയതി ശനിയാഴ്ച രൂപതയിലെ 5 സെന്ററുകളിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 ന് മത്സരാർത്ഥികൾ സെന്ററുകളിൽ എത്തിച്ചേരേണ്ടതാണ്. ഓരോ പ്രായ വിഭാഗത്തിലും ഓരോ ഇനത്തിലും രണ്ട് ആൺ കുട്ടികൾക്കും രണ്ട് പെൺ കുട്ടികൾക്കും മത്സരിക്കാവുന്നതാണ്.

**സാഹിത്യമത്സര വേദികൾ**

1. കൂമ്പൻപാറ - ഫാത്തിമ മാതാ HSS
2. രാജാക്കാട് - ക്രിസ്തുരാജ് പാരീഷ്ഹാൾ, രാജാക്കാട്
3. മുരിക്കാശ്ശേരി - സെന്റ് മേരീസ് HSS മുരിക്കാശ്ശേരി
4. വാഴത്തോപ്പ് - സെന്റ് ജോർജ് HSS വാഴത്തോപ്പ്
5. നെടുംകണ്ടം - സെന്റ് സെബാസ്റ്റ്യൻസ് HSS നെടുംകണ്ടം
6. വെള്ളയാംകുടി - സെന്റ് ജെറോംസ് HSS വെള്ളയാംകുടി

## CML 35/17 ടീൻസ് മീറ്റ്

സി.എം.എൽ. ഇടുക്കി രൂപതയുടെയും ക്രിസ്തുജ്യോതി വിശ്വാസ പരിശീലന കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ XII -ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി തൂക്കുപാലം വിജയമാത പബ്ലിക്ക് സ്കൂളിൽ വച്ച് 2017 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ നടത്തപ്പെടുന്നു. രജി. ഫീസ് 650 രൂപ. രജിസ്ട്രേഷനുള്ള ഫോമുകൾ ഇടവകകളിൽ എത്തിക്കുന്നതാണ്.

## CML 36/17 കുഞ്ഞേട്ടൻ അനുസ്മരണം

എല്ലാ ശാഖകളിലും ആഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച കുഞ്ഞേട്ടൻ അനുസ്മരണവും അസാധാരണ സമ്മേളനവും നടത്തുമല്ലോ.



## CML 37/17 രൂപതാ മാനേജിംഗ് കമ്മറ്റിയും കൗൺസിലും അവാർഡ് ദാനവും

സി.എം.എൽ. ഇടുക്കി രൂപതയുടെ 2017-18 പ്രവർത്തന വർഷത്തെ പ്രഥമ മാനേജിങ്ങ് കമ്മറ്റി മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ ജൂലൈ 14-ാം തീയതി വെള്ളിയാഴ്ച്ച വൈകിട്ട് 7 മണിക്ക് രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷ്യ തയിൽ ചേർന്നു. ദേശീയ ഡയറക്ടർ റവ. ഡോ. ജെയിംസ് പുന്നപ്ലാ ക്കൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. മാത്യു ഇരമ്പുകുത്തിയിൽ ക്ലാസ് നയിച്ചു.

2017 ജൂലൈ 15-ാം തീയതി മുരിക്കാശ്ശേരി സെന്റ് മേരീസ് എച്ച്.എസ്.എസിൽ വച്ച് രൂപതാ കൗൺസിലും വാർഷികവും അവാർഡ് ദാനവും നടന്നു. രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് രൂപതാ ജന. സെക്രട്ടറി വാർഷിക റിപ്പോർട്ടും കണക്കും ബഡ്ജറ്റും അവതരിപ്പിച്ചു. രൂപതാ ജനറൽ ഓർഗനൈസർ പ്രവർത്തന മാർഗ്ഗരേഖ അവതരിപ്പിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ റവ. ഫാ. കുര്യക്കോസ് കൊല്ലപ്പിള്ളിൽ സ്വാഗതവും രൂപതാ ജന. സെക്രട്ടറി സിനോജ് ചെറുതാനിക്കൽ നന്ദിയും രേഖപ്പെടുത്തി. ആശംസകളർപ്പിച്ച് സംസ്ഥാന വൈസ് ഡയറക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ, എച്ച്.എസ്.എസ്. പ്രിൻസിപ്പാൾ ഡെയ്സി ടീച്ചർ, ഹെഡ്മാസ്റ്റർ ശ്രീ. വി.വി. ലൂക്കാ സർ, സി. ദീപാ റോസ് എസ്.ഡി. എന്നിവർ സംസാരിച്ചു. തുടർന്ന് സമ്മാനദാനവും നടത്തി.

രൂപതാ മാനേജിംഗ് കമ്മറ്റിയും, കൗൺസിലും, വാർഷികവും, അവാർഡ് ദാനവും വിജയിപ്പിക്കുന്നതിനുവേണ്ടി കുട്ടികളെ പറഞ്ഞയച്ച ബഹു. ഡയറക്ടറച്ചന്മാർക്കും ബഹു. സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും രൂപത മിഷൻ കുടുംബത്തിന്റെ നന്ദിയും. പ്രാർത്ഥനാശംസകളും നേരുന്നു.

## CML 38/17 മരിയൻ തീർത്ഥാടനം

അമ്മയുടെ കരം പിടിച്ചു നടക്കുന്ന കുഞ്ഞ് എപ്പോഴും സുരക്ഷിതനാണ്. കാരണം അവൻ കരം വിടുവിച്ചാലും അമ്മ അവനെ കൈവിടില്ല. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാ മറിയത്തിന്റെ മാദ്ധ്യസ്ഥം തേടി, രാജാക്കാട് ഇടവക കുടുംബത്തോടൊപ്പം സെപ്റ്റംബർ 2-ാം തീയതി ശനിയാഴ്ച രാവിലെ 8.30 ന് രൂപതാ മരിയൻ തീർത്ഥാടന കേന്ദ്രമായ രാജകുമാരിയിലേക്ക് കാൽനട തീർത്ഥാടനം നടത്തുന്നു.

# കെ.സി.എസ്.എൽ.

## KCSL 21/17 രൂപതാ പ്രവർത്തനോദ്ഘാടനം, സ്നേഹവീടിന്റെ വെഞ്ചരിപ്പ്, താക്കോൽദാനം

കെ.സി.എസ്.എൽ. സംഘടനയുടെ ഈ വർഷത്തെ രൂപതാ തല പ്രവർത്തനോദ്ഘാടനം 2017 ജൂലൈ 14 ന് ഇരട്ടയാർ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. പ്രവർത്തനോദ്ഘാടനവും, സ്നേഹവീടിന്റെ വെഞ്ചരിപ്പും, താക്കോൽ ദാനവും ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവ്വഹിച്ചു. രൂപതാ വിദ്യാഭ്യാസ സെക്രട്ടറി റവ. ഡോ. ജോൺ നെല്ലിക്കുന്നേൽ ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖയുടെ പ്രകാശനവും, മുഖ്യപ്രഭാഷണവും നടത്തി. സ്കൂൾ മാനേജർ റവ. ഫാ. മാത്യു തറമുട്ടം, അസി. മാനേജർ റവ. ഫാ. ജെയിംസ് പൊന്നമ്പേൽ, സ്കൂൾ ഹെഡ്മാസ്റ്റർ ജോർജുകുട്ടി എം.വി., കെ.സി.എസ്.എൽ. രൂപതാ പ്രസിഡന്റ് മനോജ് ചാക്കോ എന്നിവർ ആശംസകൾ നേർന്നു.

## KCSL 22/17 റീജിയണൽ സെമിനാർ

യൂ.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗം കെ.സി. എസ്.എൽ. അംഗങ്ങൾക്കായി ഈ വർഷവും റീജിയണൽ സെമിനാർ നാല് സെന്ററുകളിലായി നടത്തി. ശ്രീ. ആന്റണി മുനിയറയാണ് സെമിനാറിന് നേതൃത്വം നൽകിയത്. സഹകരിച്ച എല്ലാവർക്കും നന്ദി.



## KCSL 23/17 അംഗത്വ സ്വീകരണം

കെ.സി.എസ്.എൽ. രൂപതാതല അംഗത്വ സ്വീകരണ ഉദ്ഘാടനം രാജപുരം ക്രിസ്തുരാജ് എൽ.പി. സ്കൂളിൽ ജൂലൈ 18 ന് നടത്തി. രൂപതാ ഡയറക്ടർ ഫാ. മാത്യു പുതുപ്പറമ്പിൽ അംഗത്വ സ്വീകരണ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. റോയി കുര്യൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപതാ പ്രസിഡന്റ് മനോജ് ചാക്കോ, ശ്രീമതി ലാലി ജോർജ് എന്നിവർ ആശംസകൾ നേർന്നു.

## KCSL 24/17 പ്രസംഗ - സാഹിത്യ പരിശീലന കളരി

കെ.സി.എസ്.എൽ. കുട്ടികളുടെ പ്രസംഗ, സാഹിത്യ അഭിരുചി വളർത്തുന്നതിനായി ശ്രീ. ആന്റണി മുനിയറ, ശ്രീ. ബിനോയി മഠത്തിൽ എന്നിവരുടെ നേതൃത്വത്തിൽ ജൂലൈ 29 ശനിയാഴ്ച ചേലച്ചുവട് സാന്തോം പബ്ലിക്ക് സ്കൂളിൽ ഏകദിന പ്രസംഗ, സാഹിത്യ പരിശീലന കളരി നടന്നു.

## KCSL 25/17 പാഠപുസ്തകം & മെഗാക്വിസ്

ഈ വർഷത്തെ പഠനപുസ്തകമായ ''ജീവിതം - വിസ്മയം'' (35 രൂപ) ഉപപാഠപുസ്തകം ''വിവാ ക്രിസ്റ്റോറെ'' - വി. ജോസ് ലൂയിസ് (30 രൂപ) എന്നിവ രൂപതാ ഓഫീസിൽ ലഭിക്കുന്നതാണ്.

## KCSL 26/17 ധ്യാനം

സ്കൂളുകളിൽ ജീവിത വിശുദ്ധീകരണ ധ്യാനം നടത്തുവാൻ ആഗ്രഹിക്കുന്നവർ രൂപതാ ഡയറക്ടറെ ഓഫീസിൽ മുൻകൂട്ടി അറിയിക്കുമല്ലൊ. ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ധ്യാനം നടത്തുന്നത് ഉചിതമായിരിക്കും.

ബഹു. സ്കൂൾ അധികൃതരുടെ സഹകരണത്തോടെ കുട്ടികൾക്ക് അനുഭവവേദ്യവും ആകർഷകവുമായ ഒരു പരിപാടി സ്കൂളുകളിൽ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

# ജീസസ് യൂത്ത് ഇടുക്കി സോൺ

**JY 2/17 സബ്സോൺ കൂട്ടായ്മ**

ജൂലൈ ഒന്നാം തീയതി രാജാക്കാട് സബ്സോണിന്റെ നേതൃത്വത്തിൽ രാജാക്കാട് ക്രിസ്തുരാജ ഫൊറോന ദൈവാലയത്തിൽ വച്ച് സബ്സോൺ കൂട്ടായ്മ നടന്നു. ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ചാപ്ലിൻ ഫാ. ജോർജ്ജ് മുള്ളൂർ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. ഫാ. ജോബി കൂനംപാറയിൽ സി.എസ്.റ്റി. വി. കുർബാന അർപ്പിക്കുകയും, ഫാ. തോമസ് മാറാട്ടുകുളം, ഫാ. എബ്രാഹം പുറയാറ്റ്, സജി മലയംപുറം എന്നിവർ ആശംസകൾ നേരുകയും ചെയ്തു. ശ്രീ. ബേബി ജോൺ കലയന്താനി ക്ലാസുകൾ നയിച്ചു.

**JY3/17 ഹൗസ്ഹോൾഡ്**

ജൂലൈ മാസത്തിലെ ഹൗസ്ഹോൾഡ് രണ്ടാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ മുരിക്കാശ്ശേരി സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്നു. ആഗസ്റ്റ് മാസത്തിലെ ഹൗസ് ഹോൾഡ് ആറാം തീയതി നടക്കും.

**JY 4/17 സോണൽ ഇന്റെർസെഷൻ**

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ഏഴാം തീയതി വൈകിട്ട് കനകക്കുന്ന് സെന്റ് ജൂഡ് ദൈവാലയത്തിൽ വച്ച് ജൂലൈ മാസത്തെ മദ്ധ്യസ്ഥ പ്രാർത്ഥന നടന്നു. പന്ത്രണ്ടു പേർ പങ്കെടുത്തു. ഫാ. ജോസഫ് കോയിക്കൽ, അനൂപ് ബഥേൽ എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

**JY 5/17 കൗൺസിൽ ട്രെയിനിംഗ്**

ജൂലൈ 7 മുതൽ 9 വരെ മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ നടന്ന ഓൾ കേരള കൗൺസിൽ ട്രെയിനിംഗിൽ ചാപ്ലിൻ ഫാ. ജോർജ്ജ് മുള്ളൂർ, സി. അനില FCC മറ്റു കൗൺസിൽ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



**JY 6/17 ഫുൾടൈമർ**

2017-18 വർഷത്തെ സോണിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കാനായി തിരുവനന്തപുരം സ്വദേശിയായ ഷാരോൺ റോബർട്ട് ജൂലൈ 9-ാം തീയതി മുതൽ സേവനമാരംഭിച്ചു. ഇടുക്കിയിൽനിന്നും രാജാക്കാട് ഇടവകാംഗം ഈഴക്കുന്നേൽ എലിസബത്ത് ഷാജി അരുണാചൽ പ്രദേശിലെ സീറോ എന്ന പ്രദേശത്തും ഫുൾടൈമറായി ശുശ്രൂഷ ചെയ്തുവന്നു.

# കെ.സി.വൈ.എം.

**KCYM 5/17 യുവജന ദിനാചരണം**

ജൂലൈ 9-ാം തീയതി കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ യുവജന റാലിയും യുവജന ദിനാഘോഷവും തോപ്രാംകുടി മരിയാഗൊരേത്തി ദൈവാലയത്തിൽ നടത്തപ്പെട്ടു. കെ.സി.വൈ.എം. പ്രസിഡന്റ് ആൽബിൻ വറപോളയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്തു. ഇടുക്കി എം.എൽ.എ. ശ്രീ. റോഷി അഗസ്റ്റിൻ മുഖ്യപ്രഭാഷണം നടത്തുകയും വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച പ്രതിഭകളെ ആദരിക്കുകയും ചെയ്തു. പൊതുസമ്മേളനത്തിനു മുന്നോടിയായി നടന്ന യുവജനറാലിയിൽ രൂപതയുടെ വിവിധ ഇടവകകളിൽനിന്നും ആനിമേറ്റേഴ്സിന്റെയും വൈദികരുടേയും നേതൃത്വത്തിൽ അറുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

സമ്മേളനത്തിൽ കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഫ്രാൻസിസ് അമ്പലത്തിങ്കൽ ആമുഖ പ്രഭാഷണം നടത്തി. ആനിമേറ്റർ സി. റ്റെസിൻ എഫ്.സി.സി. മുൻ സംസ്ഥാന പ്രസിഡന്റ് സിജോ ഇലന്തൂർ തുടങ്ങിയവർ ആശംസകളർപ്പിച്ചു. യുവജനദിനാഘോഷ പരിപാടികൾക്ക് ആതിഥ്യം വഹിച്ച തോപ്രാംകുടി ഇടവകയ്ക്കും വികാരിയച്ചനും രൂപതാ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

**KCYM6/17**

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 13-ാം തീയതി മാങ്കുളം കെ.സി.വൈ.എം. യൂണിറ്റിന്റെ സഹകരണത്തോടുകൂടി ഇതര ഇടവകകളെ സംഘടിപ്പിച്ച് സ്വാതന്ത്ര്യ ദിനാഘോഷവും മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളും മാങ്കുളം സെന്റ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. രൂപതയിലെ യുവജനങ്ങളെ പങ്കെടുപ്പിക്കുവാൻ വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**KCYM 7/17 വടം വലി മത്സരം**

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ രുപതയിലെ കെ.സി.വൈ.എം. യൂണിറ്റുകൾക്കായി ഓണാഘോഷങ്ങളോടനുബന്ധിച്ച് (420 കിലോ വിഭാഗം) വടം വലി മത്സരം സംഘടിപ്പിക്കുന്നു. 2017 ഓഗസ്റ്റ് 28 തിങ്കളാഴ്ച്ച ഇരട്ടയാർ സെന്റ് തോമസ് ഫൊറോന പള്ളിയങ്കണത്തിലാണ് മത്സരം ക്രമീകരിച്ചിരിക്കുന്നത്. പുരുഷ, വനിതാ ടീമുകൾക്ക് പങ്കെടുക്കാവുന്നതാണ്. വനിതകൾക്ക് വെയ്റ്റ് കാറ്റഗറി ബാധകമല്ല.

**KCYM 4/17 ജസ്റ്റിസ് സൺഡേ ആചരണം**

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ജൂലൈ 23-ാം തീയതി മഞ്ഞപ്പാറ യൂണിറ്റിൽ ജസ്റ്റിസ് സൺഡേ ആചരിച്ചു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് അമ്പലത്തിങ്കൽ ക്ലാസ് നയിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ആൽബിൻ വറപോളയ്ക്കൽ, ശ്രീ. ജോയൽ, ശ്രീ. ജിബിൻ ചെമ്മരപ്പള്ളി ശ്രീ. ക്ലീറ്റസ് അജു, കുമാരി ജോമോൾ മൂന്നാംമാക്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു.

**KCYM 9/17 യൂണിറ്റ് രൂപീകരണം**

കെ.സി.വൈ.എം. ഇടുക്കി രൂപതയിൽനിന്നും പ്രസിഡന്റ് ശ്രീ. ആൽബിൻ വറപോളയ്ക്കൽ, മുൻ പ്രസിഡന്റ് ശ്രീ. സാബു,



ശ്രീ. ജോയൽ പന്നയ്ക്കൽ തുടങ്ങിയവർ കെ.സി.വൈ.എം. കല്ലാർ യൂണിറ്റ് രൂപീകരണത്തിൽ പങ്കെടുക്കുകയും യൂണിറ്റ് ഭാരവാഹികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയിൽ നിന്നും പ്രസിഡന്റ് ശ്രീ. ആൽബിൻ വറപോളയ്ക്കൽ ഇരുമ്പുപാലം യൂണിറ്റ് രൂപീകരണത്തിൽ പങ്കെടുക്കുകയും മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. സിജോ ഇലന്തൂർ യുവജനങ്ങൾക്ക് ക്ലാസ് എടുക്കുകയും ചെയ്തു.

**KCYM 10/17 യൂണിറ്റ് സന്ദർശനം**

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയിൽ നിന്നും വൈസ് പ്രസിഡന്റ് കുമാരി ജോമോൾ മൂന്നാംമാക്കൽ, ജനറൽ സെക്രട്ടറി ശ്രീ. ക്ലീറ്റസ് അജു, ശ്രീ. ജിബിൻ തുടങ്ങിയവർ കൈലാസം യൂണിറ്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. കുമാരി ജോമോൾ മൂന്നാംമാക്കൽ യുവജനങ്ങൾക്കായി ക്ലാസ് എടുത്തു.

# മദ്യവിരുദ്ധസമിതി

**MVS 8/17 കളക്ട്രേറ്റ് മാർച്ചും ധർണ്ണയും നടത്തി**

പഞ്ചായത്ത്, നഗരസഭകളുടെ മദ്യനിരോധന അധികാരം (232/447 വകുപ്പുകൾ) കേരള ഗവൺമെന്റ് എടുത്തു കളഞ്ഞതിൽ പ്രതിഷേധിച്ചും, അടച്ചു പൂട്ടിയ ബാറുകൾ തുറക്കുക, ത്രീസ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുക, സംസ്ഥാന ഹൈവേകളുടെ അലൈമെന്റുകൾ മാറ്റാൻ നീക്കം നടത്തുക തുടങ്ങിയ കേരള സർക്കാരിന്റെ ജനവിരുദ്ധ നീക്കങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് മദ്യവിരുദ്ധ ജനകീയ മുന്നണി ഇടുക്കി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി കളക്ടറേറ്റിലേക്ക് മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു. ഇടുക്കി രൂപതാ വികാരി ജനറാൾ റവ. ഫാ. ജോസ് പ്ലാച്ചിക്കൽ പൈനാവിൽ നിന്നും മാർച്ച് ഉദ്ഘാടനം

ചെയ്തു. ഒരു വശത്ത് മദ്യ വർജ്ജനം പറയുകയും മറുവശത്ത് മദ്യ ലഭ്യത വർധിപ്പിക്കുകയും ചെയ്യുന്ന സർക്കാർ നടപടി കാപട്യവും പ്രതിഷേധാർഹവുമാണെന്ന് അദ്ദേഹം പറഞ്ഞു. ഈ സമരം വരാൻ പോകുന്ന വലിയ ജനകീയ സമരങ്ങളുടെ സൂചന മാത്രമാണെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ഗവൺമെന്റ് മദ്യനയം പൂർണ്ണമായും ജനങ്ങൾക്കെതിരാണെന്നും അദ്ദേഹം പ്രസ്താവിച്ചു. മദ്യവിരുദ്ധ ജന കീയ മുന്നണി ജില്ലാ ചെയർമാൻ ഡോ. വിൻസന്റ് മാളിയേക്കൽ കളക്ട്രേറ്റ് പടിക്കൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്തു. കെ. സി.ബി.സി. മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ ഡയറക്ടർ ഫാ. ജോസഫ് പാപ്പാടി, രൂപതാ പ്രസിഡന്റ് സിൽബി ചുനയംമാക്കൽ, രൂപതാ ജനറൽ സെക്രട്ടറി റോജസ് എം. ജോർജ്ജ്, സെബാസ്റ്റ്യൻ കൊച്ചടിവാരം, മൈക്കിൾ വാഴയിൽ , ജോസഫ് മ്രാല, ജോയി മണ്ണാം പറമ്പിൽ, ജോസഫ് തളുതറ, ജോസുകുട്ടി ഇളമ്പാംശ്ശേരിൽ, സി. ലീജ എസ്.ഡി., ഫാ. ഫ്രാൻസീസ് കുഴിപ്പിള്ളി തുടങ്ങിയവർ പ്രസം ഗിച്ചു.

## ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 18/17 വിവാഹ ഒരുക്ക ധ്യാനം**

ആഗസ്റ്റ് 14 തിങ്കൾ - 28 ബുധൻ

ആഗസ്റ്റ് 26 ശനി - 28 തിങ്കൾ

സ്ഥലം : ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി

ഫോൺ:- 9496895111

ധ്യാനത്തിന്റെ രജിസ്ട്രേഷൻ രാവിലെ 9 മണിക്കും, ക്ലാസുകൾ 10 മണിക്കും ആരംഭിക്കും. എല്ലാവരും സമയം കൃത്യമായി പാലിക്കണം.

**FA 19/17 രൂപതാ വിഹിതം**

നമ്മുടെ രൂപതയിലെ ഫാമിലി അപ്പോസ്റ്റലേറ്റ് പ്രവർത്തന



ങ്ങൾക്കായി ഒരു കുടുംബത്തിന് 10 രൂപാ നിരക്കിൽ രൂപതാ വിഹിതം ഒക്ടോബർ 31 ന് മുൻപായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**FA 20/17 ഏലീശ്വാ ധ്യാനം**

ഗർഭസ്ഥശിശുക്കൾ ഉള്ള ദമ്പതികൾക്കായി അടിമാലി ആത്മജ്യോതിയിൽ ആഗസ്റ്റ് 18 വെള്ളി 5 am മുതൽ 20 ഞായർ 4 pm വരെ നടത്തപ്പെടുന്ന ധ്യാനത്തിൽ മാതൃത്വ - ശിശുപാലന ബോധ്യങ്ങൾ നൽകാൻ ശിശുരോഗ ഡോക്ടർമാർ ക്ലാസുകൾ നയിക്കുന്നു. കൗൺസിലിംഗ് സൗകര്യവും ഒരുക്കിയിരിക്കുന്നു.

## നവോമി കുടുംബ കേന്ദ്രം

**NFC 8/17 വിധവകൾക്കായുള്ള നവോമി ധ്യാനം**

ആഗസ്റ്റ് 18 വെള്ളി 5 pm മുതൽ 20 ഞായർ 4 pm വരെ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നമ്മുടെ ഇടവകയിൽ വിധവകളായി കഴിയുന്നവർക്കായി ആന്തരികസൗഖ്യധ്യാനം ക്രമീകരിച്ചിരിക്കുന്നു. ഫോൺ : 9496895111

## മാതൃവേദി

**MV 16/17 സുകൃതം 2017**

കിടപ്പു രോഗികളെ ശുശ്രൂഷിക്കുന്ന അമ്മമാരെ ആദരിക്കുന്ന ''സുകൃതം-2017'' എന്ന പരിപാടി വിവിധ റീജിയണുകളിലായി നടത്തപ്പെടുന്നു.

| | | |
|---|---|---|
| നെടുങ്കണ്ടം റീജിയൺ | - | ജൂലൈ 30, 2 pm |
| വെള്ളയാംകുടി റീജിയൺ | - | ആഗസ്റ്റ് 06, 2 pm |
| വാഴത്തോപ്പ് റീജിയൺ | - | ആഗസ്റ്റ് 20, 2 pm |
| അടിമാലി റീജിയൺ | - | ആഗസ്റ്റ് 27, 2 pm |
| രാജാക്കാട് റീജിയൺ | - | ആഗസ്റ്റ് 13, 2 pm |

### MV 17/17 നന്ദി

സുകൃതം-2017 എന്ന പ്രോഗ്രാം വിജയകരമായ രീതിയിൽ മുരിക്കാശ്ശേരി റീജിയണിൽ നടത്തുകയുണ്ടായി വിവിധ ഇടവക കളിൽനിന്നും നാല്പതോളം അമ്മമാർ പങ്കെടുത്തു. അമ്മമാരെ പറഞ്ഞയച്ച ബഹു. വികാരി അച്ചൻമാർക്കും മോഡറേറ്റർ സിസ്റ്റേഴ്സിനും, പ്രോഗ്രാമിന് വേണ്ട ക്രമീകരണങ്ങൾ നടത്തിയ സി. വിൻസി ആന്റണി എഫ്.സി.സി.ക്കും മാതൃവേദി കുടുംബത്തിന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

### MV 18/17 ബൈബിൾ കൈയെഴുത്ത് മത്സരം

ബൈബിൾ കൈയെഴുത്ത് മത്സരം രജിസ്ട്രേഷൻ ആഗസ്റ്റ് 30-ാം തീയതി അവസാനിക്കും. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരും, വീട്ടുപേരും, വിഭാഗവും അടങ്ങിയ ലിസ്റ്റ് രൂപതാ ഓഫീസിൽ എത്തിക്കണം. അതിനുശേഷമായിരിക്കും മത്സരാർത്ഥികളുടെ രജിസ്ട്രേഷൻ നമ്പർ നൽകപ്പെടുക. രജിസ്ട്രേഷൻ ഫീസ് ഒരു മത്സരാർത്ഥിക്ക് 200 രൂപ.

### MV 19/17 മേഖലാ മീറ്റിംഗ്

ആഗസ്റ്റ് മാസത്തിൽ മാതൃവേദിയുടെ മേഖലാ മീറ്റിംഗുകൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ യൂണിറ്റ് ഭാരവാഹികളെ നിർബന്ധമായും പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഇരട്ടയാർ മേഖല-** ആഗസ്റ്റ്- 12, എല്ലാ യുണിറ്റ് ഭാരവാഹികളെയും മീറ്റിംഗിലേക്ക് ക്ഷണിക്കുന്നു. റവ. ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ മേഖലാ ഡയറക്ടർ.

### MV 20/17 പിതൃവേദി

നമ്മുടെ രൂപതയിൽ പിതൃവേദിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പിതാക്കൻമാർക്കുവേണ്ടി ഒക്ടോബർ 18-ാം തീയതി വടംവലി മത്സരം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ബഹു. വികാരിയച്ചൻമാർ പിതൃവേദിയുടെ യൂണിറ്റുകൾ രൂപീകരിച്ച് ടീമുകളെ സജ്ജമാക്കുമല്ലോ. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.





## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 25/17 അഖിലലോക മലയാളി കരിസ്മാറ്റിക് സംഗമം

കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷ സമാപനത്തിന്റെ ഭാഗമായി 2017 ആഗസ്റ്റ് 12 ന് 10 am മുതൽ ഇരിങ്ങാലക്കുട ആളൂരിൽ നടക്കുന്ന അഖിലലോക മലയാളി കരിസ്മാറ്റിക് സംഗമത്തിൽ പങ്കെടുക്കുന്നതിനായി ഇടുക്കി മേഖലയിൽ നിന്നും എഴുന്നൂറോളം ആളുകൾ പേര് രജിസ്റ്റർ ചെയ്തു. ആഗസ്റ്റ് 15 ന് 2 pm നാണ് സംഗമം അവസാനിക്കുന്നത്.

### PG 26/17 ഫുഡ് മിനിസ്ട്രി വോളണ്ടിയേഴ്സ്

ഇരിങ്ങാലക്കുട ആളൂരിൽ നടക്കുന്ന അഖിലലോക മലയാളി കരിസ്മാറ്റിക് സംഗമത്തിൽ പങ്കെടുക്കുന്ന പതിനായിരത്തോളം പേർക്ക് ഭക്ഷണം തയ്യാറാക്കുന്നതിനായി ഇടുക്കി മേഖലയിൽ നിന്നും നൂറ് വോളണ്ടിയേഴ്സ് തയ്യാറായി. പ്രാർത്ഥനാഗ്രൂപ്പ് ഡയറക്ടർ ഫാ. ജോസഫ് കോയിക്കൽ, കോ- ഓർഡിനേറ്റർ ജോസുകുട്ടി ചക്കുങ്കൽ, സെക്രട്ടറി സണ്ണി വളവനാട്ട് എന്നിവരാണ് നേതൃത്വം നൽകുന്നത്.

### PG 27/17 ഫാത്തിമാ ശതാബ്ദി ആഘോഷം

പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷയായതിന്റെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഫാത്തിമായിൽനിന്നും പ്രത്യേകമായി കൊണ്ടുവരുന്ന പരി. അമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ഇടുക്കി മേഖലയിൽ എത്തുന്ന ഫാത്തിമാ സന്ദേശയാത്രയ്ക്ക് സെപ്റ്റംബർ 15 ന് കഞ്ഞിക്കുഴിയിൽ സ്വീകരണം നൽകുന്നു. സെപ്റ്റംബർ 15, 16, 17 തീയതികളിൽ രൂപതയിലെ വിവിധ ഇടവകകളിൽ സന്ദേശ യാത്ര എത്തിച്ചേരുന്നതാണ്.

## PG 24/17 ഫാത്തിമ ശതാബ്ദി സന്ദേശയാത്ര

ഫാത്തിമയിൽ പരിശുദ്ധ മാതാവ് പ്രത്യക്ഷയായതിന്റെ 100-ാം വാർഷിക ആഘോഷത്തിന്റെ ഭാഗമായി നടത്തുന്ന ഫാത്തിമ സന്ദേശയാത്ര ആഗസ്റ്റ് 12-ന് അഖിലലോക മലയാളി കരിസ്മാറ്റിക് സംഗമം നടക്കുന്ന ഗ്രൗണ്ടിൽ എത്തിച്ചേരുന്നു. സെപ്റ്റംബർ 15, 16, 17 തീയതികളിൽ ഇടുക്കി മേഖലയിലെ ഇടവകകളിൽ സന്ദേശ യാത്ര പര്യടനം നടത്തുന്നു.

# കേരള ലേബർ മൂവ്മെന്റ്

## KLM 32/17 സംസ്ഥാന സെക്രട്ടറി

കെ.സി.ബി.സി. ലേബർ കമ്മീഷൻ സംസ്ഥാന സമിതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ (SNTU) സംസ്ഥാന സെക്രട്ടറിയായി കേരള ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴത്തിനെ തിരഞ്ഞെടുത്തു.

## KLM 33/17 നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകാം

നിർമ്മാണതൊഴിലാളി ക്ഷേമനിധിയിൽ ചേരാത്തവർക്ക് പുതുതായി അംഗങ്ങളാകാം. ഗവൺമെന്റിന്റെ ഏറ്റവും കൂടുതൽ ആനുകൂല്യങ്ങളുള്ള ക്ഷേമനിധിയാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി. ഫോൺ - 9495125585

## KLM 34/17 സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കാം

കേരളാലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിലുള്ള വിവിധ ക്ഷേമനിധികളിൽ ചേർന്നിരിക്കുന്ന അംഗങ്ങൾക്ക് ഉപരിപഠനത്തിനുള്ള സ്കോളർഷിപ്പിന് ആഗസ്റ്റ് 10 വരെ അപേക്ഷിക്കാം.



## KLM 35/17 കേരളാലേബർ മൂവ്മെന്റ് യൂണിറ്റ് രൂപീകരിക്കാം

കേരളാലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളില്ലാത്ത ഇടവകകളിൽ കെ.എൽ.എം. യൂണിറ്റുകൾ രൂപീകരിക്കാം. ഇങ്ങനെ രൂപീകരിക്കുന്ന കമ്മറ്റികളുടെ നേതൃത്വത്തിൽ ഇടവകയിലെ വിവിധ തൊഴിലാളി മേഖലയിലെ ആളുകളെ ചേർത്ത് നിർമ്മാണം, തയ്യൽ, ഗാർഹികം, മോട്ടോർ, കർഷകതൊഴിലാളി, തോട്ടംതൊഴിലാളി. ക്ഷേമനിധികളിൽ അംഗങ്ങളെ ചേർത്ത് കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ വിവിധ ആനുകൂല്യങ്ങൾ വാങ്ങി നൽകുവാൻ സാധിക്കും.

## KLM 66/17 രൂപതാ ഓഫീസ് പ്രവർത്തനം

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ ഓഫീസ് എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ പ്രവർത്തിക്കുന്നതായിരിക്കും.

# ആത്മജ്യോതിയിലെ പരിപാടികൾ

**ആഗസ്റ്റ് 2017**

02-06 : ലഹരി വിമോചന ക്യാമ്പ്
06-11 : എഫാത്ത ധ്യാനം
12-13 : തിയോളജി കോഴ്സ്
12-13 : സൺഡേസ്കൂൾ ടീച്ചേഴ്സ് ക്യാമ്പ്
14-16 : വിവാഹ ഒരുക്ക ധ്യാനം
18-20 : നവോമി - ഏലീശ്വാ ധ്യാനങ്ങൾ
20-25 : വരദാന വളർച്ചാ ധ്യാനം
26-28 : വിവാഹ ഒരുക്ക ധ്യാനം

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ 2017**

01 ജോസ്ഗിരി ഇടവകയിൽ പുതുതായി നിർമ്മിച്ച മഠത്തിന്റെ വെഞ്ചരിപ്പ് നടത്തി.

# അഭിവന്ദ്യ പിതാവിന്റെ പരിപാടികൾ

**ആഗസ്റ്റ് 2017**

15 09.00 am കല്ലിടീൽ, മുരിക്കാശ്ശേരി

21- Sept. 01 ബിഷപ്സ് സിനഡ് കാക്കനാട്

